നാവിക അക്കാഡമി

* 14 [15] ശ്രീ. ഇ. ജെ. ലൂക്കോസ് :

,, വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സ്ഥാപിക്കുവാൻ കേന്ദ്രം അനുമതി നൽകിയ നാവിക അക്കാദമിക്കുവേണ്ടിയുള്ള നടപടികൾ എവിടംവരെയായി ;

(ബി) ഇതിന്റെ ഒരു യൂണിറ്റ് ഗോവയിലേക്ക് മാറ്റാനുദ്ദേശിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) നാവിക അക്കാദമി സ്ഥാപിക്കുന്നതിനാവശ്യമായ മുഴുവൻ സ്ഥലവും പൊന്നുംവിലയ്ക്കെടുത്ത് നാവിക അധികൃതർക്ക് കൈമാറിക്കഴിഞ്ഞു. ആവശ്യമായ "ഇൻഫ്രാസ്ട്രക്ചറൽ" സൗകര്യങ്ങളും ചെയ്തുകൊടുത്തിട്ടുണ്ട്. അക്കാദമി സ്ഥാപിക്കുവാനാവശ്യമായ മേൽനടപടികൾ നാവിക അധികൃതർ സ്വീകരിക്കുന്നുണ്ട്.

(ബി) ഇല്ല.

ഹരിജൻ വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി

* 15 [16] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജൻ വിദ്യാർത്ഥികൾക്ക് കോളേജുകളിൽനിന്നും യഥാസമയം ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഉണ്ട്.

(ബി) പരാതികൾ ബന്ധപ്പെട്ട ജില്ലാ വെൽഫെയർ ആഫീസർമാർക്ക് അനന്തര നടപടികൾക്കായി അയച്ചു കൊടുത്തിട്ടുണ്ട്. പരാതികളുണ്ടായ കോളേജുകളുടെ പേരുവിവരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കും അയച്ചുകൊടുത്തിട്ടുണ്ട്.

പാരായം നിർമ്മിക്കുന്നതിനുള്ള ഡിസ്റ്റിലറി

* 16 [17] ശ്രീമതി പി. ദേവൂട്ടി :

ശ്രീ. എം. വി. രാഘവൻ :

ശ്രീമതി കെ. ആർ. ഗൗരി :

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മരച്ചീനിയിൽനിന്നും പാരായം നിർമ്മിക്കുന്നതിനുള്ള ഡിസ്റ്റിലറി സ്ഥാപിക്കുന്നതു സംബന്ധിച്ച് "ദി ലീഡിംഗ് ലൈറ്റ് ടപ്പിയോക്കാ

LIBRARY ARCHIVES Kerala Legislative Assembly